**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 845** **02-02-2026 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ 2021 വരെയും ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെയും പാറശ്ശാല മണ്ഡലത്തിൽ ഭൂരഹിതരായ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയെന്നും പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (എ) | 2016 മുതൽ 2021 വരെയും ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ നാളിതുവരെയും പാറശ്ശാല മണ്ഡലത്തിൽ നിന്നും പട്ടികവർഗ്ഗ കുടുംബങ്ങൾ ആരും തന്നെയും ഭൂമിക്കായി അപേക്ഷ ലഭ്യമാക്കിയിട്ടില്ല. പട്ടികജാതി വിഭാഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിന് സർക്കാർ നൽകുന്ന ധനസഹായം നിലവിൽ എത്ര രൂപയാണെന്നും പാറശ്ശാല മണ്ഡലത്തിൽ ഈ കാലയളവിനുള്ളിൽ എത്ര പേർക്ക് ഈ ആനുകൂല്യം ലഭിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിനുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിനായി 3,75,000/- രൂപയും നഗരസഭ, കോർപ്പറേഷൻ പരിധിയി കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിനു യഥാക്രമം 4,50,000/-, 6,00,000/- രൂപയും അനുവദിച്ചു വരുന്നു. പാറശ്ശാല മണ്ഡലത്തിൽ ഈ കാലയളവിനുള്ളിൽ 292 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. |
| (സി) | ഭൂമിക്കായി അപേക്ഷ സമർപ്പിച്ച പാറശ്ശാല മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മുൻഗണനാക്രമത്തിൽ കാലതാമസമില്ലാതെ ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ അർഹത പരിശോധന നടത്തി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | വർഷം | പഞ്ചായത്ത് | അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം | ഭൂമി ലഭ്യമാക്കിയവരുടെ എണ്ണം |
|---|---|---|---|---|
| 1 | 2016-21 | വെള്ളറട | 25 | 25 |
| 2 | | അമ്പൂരി | 9 | 9 |
| 3 | | ഒറ്റശേഖരമംഗലം | 19 | 19 |
| 4 | | ആര്യങ്കോട് | 19 | 19 |
| 5 | | കുന്നത്തുകാൽ | 26 | 26 |
| 6 | | കൊല്ലയിൽ | 22 | 22 |
| 7 | | പെരുങ്കടവിള | 21 | 21 |
| 8 | | കള്ളിക്കാട് | 22 | 22 |
| 9 | | പാറശ്ശാല | 21 | 21 |
| 10 | 2021-26 | വെള്ളറട | 17 | 14 |
| 11 | | അമ്പൂരി | 1 | 1 |
| 12 | | ഒറ്റശേഖരമംഗലം | 17 | 11 |
| 13 | | ആര്യങ്കോട് | 10 | 9 |
| 14 | | കുന്നത്തുകാൽ | 35 | 27 |
| 15 | | കൊല്ലയിൽ | 19 | 12 |
| 16 | | പെരുങ്കടവിള | 16 | 10 |
| 17 | | കള്ളിക്കാട് | 9 | 8 |
| 18 | | പാറശ്ശാല | 26 | 16 |